# പാപ്പുവ ന്യൂ ഗിനിയ പ്രധാനമന്ത്രിയുമായി പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

2023 മെയ് 22

ഫോറം ഫോർ ഇന്ത്യ-പസഫിക് ഐലൻഡ്സ് കോ ഓപ്പറേഷന്റെ (ഫിപിക്) മൂന്നാമത് ഉച്ചകോടിയുടെ ഭാഗമായി 2023 മെയ് 22 ന് പോർട്ട് മോറെസ്ബിയിൽ വെച്ച് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി, പാപുവ ന്യൂ ഗിനിയ (പി.എൻ.ജി.) പ്രധാനമന്ത്രി ബഹുമാന്യനായ ജെയിംസ് മറാപെയുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി.

2. ഊഷ്മളമായ സ്വാഗതത്തിനും മൂന്നാമത് ഫിപിക് ഉച്ചകോടിയുടെ സഹ ആതിഥേയത്വത്തിനും പ്രധാനമന്ത്രി മാരാപെയ്ക്ക് പ്രധാനമന്ത്രി മോദി നന്ദി പറഞ്ഞു.

3. ഇരു നേതാക്കളും തങ്ങളുടെ ഉഭയകക്ഷി ബന്ധങ്ങൾ വിലയിരുത്തുകയും വ്യാപാരം, നിക്ഷേപം, ആരോഗ്യം, ശേഷി വികസനം, നൈപുണ്യ വികസനം, വിവരസാങ്കേതികവിദ്യ എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ തങ്ങളുടെ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. കാലാവസ്ഥാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളും ജനങ്ങളുമായുള്ള ബന്ധം പ്രോത്സാഹിപ്പിക്കുന്ന കാര്യങ്ങളും അവർ ചർച്ച ചെയ്തു. പസഫിക് ദ്വീപ് രാഷ്ട്രങ്ങളുടെ മുൻഗണനകൾക്കും ആഗ്രഹങ്ങൾക്കും ഇന്ത്യയുടെ പിന്തുണയും ബഹുമാനവും പ്രധാനമന്ത്രി ആവർത്തിച്ച് അറിയിച്ചു.

4. പ്രധാനമന്ത്രിയും പ്രധാനമന്ത്രി മാരാപെയും പി.എൻ.ജി.-യുടെ ടോക് പിസിൻ ഭാഷയിലുള്ള തമിഴ് ക്ലാസിക് 'തിരുക്കുറളി'ന്റെ വിവർത്തനം പുറത്തിറക്കി. വിവർത്തനം ചെയ്ത പുസ്തകം, ഭാഷാശാസ്ത്രജ്ഞൻ ശ്രീമതി ശുഭ ശശീന്ദ്രൻ & പപ്പുവ ന്യൂ ഗിനിയയിലെ വെസ്റ്റ് ന്യൂ ബ്രിട്ടൻ പ്രവിശ്യയുടെ ഗവർണർ ശ്രീ ശശീന്ദ്രൻ മുത്തുവേൽ എന്നിവർ ചേർന്നാണ് എഴുതിയിരിക്കുന്നത്. പ്രധാനമന്ത്രി മറാപെയുടെ മുഖവുര ഈ പുസ്തകത്തിനുണ്ട്.

6. പാപ്പുവ ന്യൂ ഗിനിയയിലെ ഇന്ത്യൻ ചിന്തയുടെയും സംസ്കാരത്തിന്റെയും തത്ത്വങ്ങൾ സംരക്ഷിക്കുന്നതിന് അവർ നൽകിയ സംഭാവനകളെയും എഴുത്തുകാരെയും പ്രധാനമന്ത്രി മോദി അഭിനന്ദിച്ചു.

**പോർട്ട് മോർസ്ബി**

**2023 മെയ് 22**